## താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയാൻ നടപടി

54 (4014) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏത് നിർവ്വഹണ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രകൃതി സൗഹൃദ മന്ദിരം പണിയുന്നതിന് 19-1-2011-ലെ ജി.ഒ.(ആർടി.)നമ്പർ 220/11/ആകുവ എന്ന ഉത്തരവ് പ്രകാരം 866.628 ലക്ഷം രൂപ ബി.എസ്.എൻ.എൽ.-ന് അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 2-9-2013-ലെ ജി.ഒ.(ആർടി.) നമ്പർ 3069/2013/ആകുവ എന്ന ഉത്തരവ് പ്രകാരം ടി നിർമ്മാണത്തിനുള്ള അനുമതി കെ.എൽ.ഡി.സി.-ക്ക് കൈമാറി ഉത്തരവാകുകയുണ്ടായി. തുടർന്ന് കെ.എൽ.ഡി.സി. സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണചെലവ് 13.23 കോടി രൂപയാണ്. അധികമായി ആവശ്യമുള്ള 4,56,37,200 (നാല് കോടി അമ്പത്തിയാറ് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്) രൂപ കൂടി അധികമായി വകയിരുത്തേണ്ടതായിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ ദി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## മുനമ്പം സർക്കാർ ആശുപത്രി വികസനം

55 (4015) ശ്രീ എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനമ്പം സർക്കാർ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ;

(ബി) രണ്ട് വർഷക്കാലമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഉണ്ടെങ്കിൽ ഒഴിവുനികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) ഗൈനക്കോളജിസ്റ്റിന്റെ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനും ആശുപത്രി കെട്ടിടം പോലുള്ള അടിസ്ഥാന സൗകര്യവികസനത്തിനും ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly